# നവചിത്ര പത്തുവർഷം പിന്നിടുമ്പോൾ

ജിയോ തിരുയാണിക്കാവ്

നല്ല സിനിമ ആസ്വദിക്കുന്നിടത്തു മാത്രമേ നല്ല സിനിമ സൃഷ്ടിക്കപ്പെടുകയുള്ളൂ.

താരരാക്ഷസന്മാരുട എശിവ താണ്ഡവങ്ങൾക്കിടയിൽ മാംസ ഗോപുര ശരീരിണിമാരുടെ ഇക്കിളിചിത്രങ്ങൾക്കിടയിൽ മലയാള ചലച്ചിത്ര പ്രതസന്ധിയെക്കുറിച്ച് ഗവേ,ണം നടത്തിയവർ മറവി നടിക്കുന്ന വസ്തുതയാണിത്. അതിനാൽ തന്നെ പുതിയ കാഴ്ചയുടെ വെളിച്ചത്തിലേക്ക് ഒരു സമാന്തര പാത സൃഷ്ടിക്കുക എന്നതു തന്നെയായിരിക്കണം നവചിത്ര പോലുള്ള ഫിലിം സൊസൈറ്റികളുടെ വർത്തമാനകാല പ്രസക്തി. വാണിജ്യ സിനിമയുടെ കെട്ടിക്കാഴ്ചക്കിടയിലും, ചാനൽ പ്രളയങ്ങൾക്കിടയിലും നവചിത്രയെന്ന കൊച്ചു കൂട്ടായ്മ അതിന്റെ പത്താം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ന്യൂന പക്ഷമെങ്കിലും പ്രബുദ്ധമായ ഒരു ചലച്ചിത്ര സംസ്കാരത്തിന്റെ വംശനാശം ആഗതമായിട്ടില്ല എന്ന കാര്യത്തിൽ നമുക്കാശ്വസിക്കാം.

1992 ഫെബ്രുവരി 16 ന് ഭരത് പ്രേംജി ഉദ്ഘാടനം ചെയ്ത നവചിത്ര ഇക്കാലയളവിൽ പ്രേക്ഷക സമൂഹത്തിന് നൽകിയത് ദൃശ്യകലയുടെ ശക്തിയും സൗന്ദര്യവുമായിരുന്നു. 1994 ൽ ഒരു ഫിലിം എക്സിബിഷൻ, 95 ൽ ചലച്ചിത്രത്തിന്റെ നൂറാം വാർ,ഇകത്തോടനുബന്ധിച്ച് 30 ലോക ക്ലാസിക് ചിത്രങ്ങളുടെ പ്രദർശനം, ജോൺ അബ്രഹാം അനുസ്മരണ ചലച്ചിത്രമേള, തേഡ് ഐ യുമായി സഹകരിച്ച് നോട്ടം 2000, നോട്ടം 2001 എന്നിങ്ങനെയുള്ള ഹ്രസ്വ ചലച്ചിത്രമേള കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് മൊബൈൽ ചലച്ചിത്രമേള . . നവചിത്രയുടെ പ്രവർത്തന പഥത്തിലെ സമീപ ദൃശ്യം ഇതൊക്കെയാണ്.

തൃശ്ശൂർ പാട്ടുരായ്ക്കലിലുണ്ടായിരുന്ന കോറസ് എന്ന ഫിലിം സൊസൈറ്റി പ്രവർത്തകരടക്കം 200 പേർ ആണ് നവചിത്രയിൽ ആദ്യകാല പ്രവർത്തകരായി ഉണ്ടായിരുന്നത്. ശശി, ഹരി, സുനന്ദൻ, രമേശൻ എന്നിവർ അന്നത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നു. പിന്നീട് പി. ബാലൻ, ചന്ദ്രൻ, എന്നിവർ രംഗത്ത് വന്നു. പക്ഷേ അന്നുമിന്നും നവചിത്രയുടെ ആദ്യാവസനാക്കാരൻ എന്നറിയപ്പെട്ടുക കഴിഞ്ഞ വർഷം ചലച്ചിത്ര നിരൂപണത്തിനുള്ള ദേശീയ പുരസ്കാരംകരസ്ഥമാക്കിയ ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകനായ ഐ. ഷൺമുഖദാസാണ്. അന്നുമിന്നും നവചിത്രയെന്നാൽ തൃശ്ശൂർക്കാർക്ക് മനസ്സിലെത്തുക ഷൺമുഖദാസ് മാഷുടെ മുഖമാണ്.

ലോക ചലച്ചിത്രങ്ങൾക്ക് പുറമെ മികച്ച ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും നവചിത്ര പ്രദർശിപ്പിച്ചുവരുന്നു. കാലടി, കൊല്ലങ്കോട്, ഒറ്റപ്പാലം, തിരൂർ എന്നിവിടങ്ങളിൽ നിന്നുപോലും, പ്രദർശനങ്ങൾക്ക് പതിവായി വന്നെത്തുന്നവരുണ്ടെന്ന് പ്രവർത്തകർ പറയുന്നു. വിവധ രാജ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ചലച്ചിത്രമേളകൾക്കുപുറമെ ചാപ്ലിൻ, കുറഡോവ, കിസ്ലോവ്സ്കി, എന്നിങ്ങനെയുള്ള വ്യക്തികളെ അധികരിച്ചും, കഥ, കവിത, സംഗീതം, നാടകം എന്നിങ്ങനെയുള്ള കലകളെ കേന്ദ്രീകരിച്ചും നവചിത്ര പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ശ്രദ്ധേയമായ ചലച്ചിത്രങ്ങളെ കേന്ദ്രീകരിച്ചുള്ള ചർച്ചകളും ചലച്ചിത്ര ക്യാമ്പുകൾക്കും വേദിയൊരുക്കുകയും ചെയ്തു.

നവചിത്ര ഗ്രാമങ്ങളിൽ പ്രദർസനം നടത്തുമ്പോൾ പ്രദർശിപ്പിക്കുന്നതിലധികവും ചാപ്ലിൻ ചിത്രങ്ങളാണ്. ചാപ്ലിനെന്ന മൂകനർത്തകന്റെ ശരീര ബാഷയും, ചാപ്ലിനവതരിപ്പിച്ച തെണ്ടി കഥാപാത്രങ്ങളുടെ മാനുഷിക മൂല്യവുമെല്ലാം പങ്കുവെച്ചുകൊണ്ടാണ് ചിത്രം പ്രദർശിപ്പിക്കുന്നതെന്ന് പ്രവർത്തകർ പറയുന്നു. ബാങ്ക് ജീവനക്കാരുടെ സംഘടനയായ ശ്രുതി, പി. ആർ. ഡി., ശാസ്ത്ര സാഹിത്യ പരിഷത്ത്, നാദലയ, സൗഹൃദ, വിദ്യാരംഗം, അന്തരംഗം, തേഡ് ഐ, കേരളീയം, ക്യാമ്പസ് സർക്കിൾ എന്നീ സംഘടനകളുമായി ചേർന്ന് അവതരിപ്പിച്ച പ്രദർശനങ്ങൾ പ്രേക്ഷകരെ മറ്റു വ്യത്യസ്ത തലങ്ങളിലേക്ക് ചലച്ചിത്രാനുഭവം പങ്കുവെക്കുവാൻ നവചിത്ര വഴിയൊരുക്കി.

സാമ്പത്തിക ബാധ്യതകൾക്കിടയിൽ തെളിഞ്ഞും മങ്ങിയും പ്രയാണം തുടരുമ്പോഴും പ്രിയ നന്ദനൻ, നീലൻ എന്നിവരെ ചലച്ചിത്രദൃശ്യമാധ്യമങ്ങളിലേക്ക് സംഭാവന ചെയ്ത ഒട്ടേറെ പേർ നവചിത്രയുടെ പ്രവർത്തകരാണെന്ന സംതൃപ്തി നവചിത്ര പ്രവർത്തകർക്കുണ്ട്. സമീപദൃസ്യം എന്ന ലഘു പ്രസിദ്ധീകരണം നവചിത്രയ്ക്കുണ്ട്.

പത്താം വാർഷികത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളേയും, കലകളേയും അധികരിച്ച് പ്രദർശനങ്ങളും, പ്രഭാഷണങ്ങളും സംഘടിപ്പിക്കാനൊരുങ്ങുകയാണിവർ. ഒപ്പം ഗ്രാമങ്ങളിൽ ലോക ചിത്രങ്ങളുടെ പ്രദർശനങ്ങൾക്ക് വേദിയൊരുക്കുവാനും.

തൃശ്ശൂരിന് നവചിത്രയെന്നാൽ നല്ല സിനിമയിലേക്ക് തുറക്കുന്ന കണ്ണുകളാണ്. അതിനുവേണ്ടി കാത്തിരിക്കുന്ന കൊച്ചു സമൂഹത്തിന് മുന്നിൽ ഒരു ചിത്രമൊരുക്കുമ്പോൾ ഒരു ആത്മപ്രകാശനത്തിന്റെ വഴിയാണതെന്ന തിരിച്ചറിവാണിതിന്റെ പ്രവർത്തകർക്കുള്ളത്. മുപ്പതു വർഷത്തോളം സിനമയെപ്പറ്റി പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന ഷൺമുഖദാസ് മാഷടക്കമുള്ളവരുടെ സംതൃപ്തിയും അതൊക്കെത്തന്നെ. അതിനിടയിലും ഈ കൂട്ടായ്മ അതിന്റെ സാദ്ധ്യതകളെക്കാളുപരി പരിമിതികളെ ഉൾക്കൊണ്ടുകൊണ്ട് പുതിയ സിനിമാ സങ്കൽപ്പങ്ങൾക്ക് ഊടുംപാവും നെയ്യുകയാണ്... കഴിഞ്ഞപത്തു വർഷമായി.